**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4258** **18-07-2022 - ൽ മറുപടിയ്ക്ക്**

**കയർ ഉല്പന്നങ്ങളുടെ ന്യായവിലയും സംഭരണവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി,<br>ശ്രീ. എച്ച്. സലാം,<br>ശ്രീ. എൻ.കെ. അക്ബർ,<br>ശ്രീമതി ഒ എസ് അംബിക | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കയർ മേഖലയിൽ രണ്ടാം പുനഃസംഘടന വഴി എന്തൊക്കെയാണ് ലക്ഷ്യമിടുന്നത്; കയർ ഉല്പാദനത്തിൽ പുനഃസംഘടന വഴി വർദ്ധനവ് ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ; | (എ) | ചകിരി ഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുക പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ച് സമ്പൂർണ്ണ യന്ത്രവൽക്കരണം നടപ്പാക്കുക, കയർ ജിയോ-ടെക്സ്റ്റയിൽസിന്റെ ഉപയോഗം വർദ്ധിപ്പിക്കുക, ഉല്പന്ന രംഗത്ത് വൈവിദ്ധ്യവൽക്കരണവും നൂതന മാർക്കറ്റിംഗ് സംവിധാനങ്ങളും ഏർപ്പെടുത്തുക എന്നിവയാണ് കയർ മേഖലയിലെ രണ്ടാം പുനഃസംഘടന വഴി ലക്ഷ്യമിട്ടത്.<br><br>കയർ രണ്ടാം പുനസംഘടന പദ്ധതി പ്രവർത്തനങ്ങളുടെ ഫലമായി കയറുല്പാദനത്തിൽ ഗണ്യമായ വർദ്ധനവുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. 2015-16 കാലയളവിൽ 7880 ടൺ മാത്രമായിരുന്ന കയറുല്പാദനം 2020-21-ൽ 25000 ടണ്ണായി വർദ്ധിക്കുകയുണ്ടായി. കോവിഡ് പ്രതിസന്ധിയുടെ കാലഘട്ടത്തിലും 2021-22-ൽ 18666 ടൺ കയർ ഉൽപ്പാദിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. |
| (ബി) | കയർ കോർപ്പറേഷൻ വഴി നടപ്പാക്കുന്ന ക്രയവില സ്ഥിരതാ പദ്ധതിയിലൂടെ ഉല്പന്നങ്ങൾക്ക് ന്യായവിലയും കൂലിയും ഉറപ്പ് വരുത്തുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | പരമ്പരാഗത തൊഴിലാളികൾ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ നിശ്ചിത വിലയും കൂലിയും നൽകി സംഭരിക്കുന്നതിനും കയറ്റുമതി സ്ഥാപനങ്ങൾക്ക് നിശ്ചിത വിലയ്ക്ക് വിൽക്കുന്നതിനും വേണ്ടി കേരള സർക്കാർ നടപ്പിലാക്കിയ പദ്ധതിയാണ് ക്രയവില സ്ഥിരതാ പദ്ധതി. ഈ പദ്ധതി പ്രകാരം ചെറുകിട കയറുല്പന്ന നിർമ്മാതാക്കൾക്ക് സാങ്കേതിക സാമ്പത്തിക സഹായങ്ങൾ നൽകി കൊണ്ട് നിരന്തരമായി ഉല്പാദനം നടത്തുന്നതിനും ഉല്പന്നങ്ങൾക്ക് വില സ്ഥിരത ഉറപ്പാക്കുന്നതിനും തൊഴിലാളികൾക്ക് കൃത്യമായ വേതനം ഉറപ്പാക്കുന്നതിനും സാധിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | കയർ മേഖലയിൽ ഉല്പന്ന സംഭരണത്തിനായി പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ? | (സി) | പരമ്പരാഗത തൊഴിലാളികൾ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ നിശ്ചിത വിലയും കൂലിയും നൽകി സംഭരിക്കുന്നതിനും കയറ്റുമതി സ്ഥാപനങ്ങൾക്ക് നിശ്ചിത വിലയ്ക്ക് വിൽക്കുന്നതിനും വേണ്ടി കേരള സർക്കാർ നടപ്പിലാക്കിയ പദ്ധതിയാണ് ക്രയവില സ്ഥിരതാ പദ്ധതി. ചെറുകിട ഉല്പാദന സംഘങ്ങളിൽ നിന്നും മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങളിൽ നിന്നും കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ സംഭരിക്കുന്ന ഉല്പന്നങ്ങൾ കയറ്റുമതിക്കാർക്ക് വിൽക്കുമ്പോൾ 10% ഡിസ്കൗണ്ട് നൽകി വരുന്നു. ഈ പദ്ധതി പ്രകാരം ചെറുകിട കയറുല്പന്ന നിർമ്മാതാക്കൾക്ക് സാങ്കേതിക സാമ്പത്തിക സഹായങ്ങൾ നൽകിക്കൊണ്ട് നിരന്തരമായി ഉല്പാദനം നടത്തുന്നതിനും ഉല്പന്നങ്ങൾക്ക് വില സ്ഥിരത ഉറപ്പാക്കുന്നതിനും തൊഴിലാളികൾക്ക് കൃത്യമായ വേതനം ഉറപ്പാക്കുന്നതിനും സാധിച്ചു. 2016-17 മുതൽ നാളിതുവരെ ക്രയവില സ്ഥിരതാ പദ്ധതി നടത്തിപ്പിന് 211.41 കോടി രൂപ കേരള സ്റ്റേറ്റ് കയർ കോർപ്പറേഷന് അനുവദിച്ച് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ